# പള്ളികഥകൾ

## മിനികഥകൾ നാല്പത്തിയഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ കേരളത്തിൽ നടന്ന ഒരു സംഭവകഥയുമായാണ് ഇന്ന് വരവ്. മെത്രാച്ചനായാലും അച്ചനായാലും സാധാരണ മനുഷ്യനായാലും വിവസ്ത്രരായാൽ പച്ചയായ മനുഷ്യനാണെന്നുള്ളതിന് തെളിവായിട്ടാണ് ഈ കഥ അവതരിപ്പിച്ചത്.

## വിളച്ചിൽ

സഭയിൽ പുതുതായി കുറച്ചു മെത്രാച്ചന്മാരെ വാഴിച്ചു. കേരളത്തിലെ തന്നെ ചില ഭദ്രാസനങ്ങളിൽ ഒഴിവുള്ളടത്തേക്കും ചിലരെ ബാഹ്യകേരളത്തിലേക്കും ആയി നിയമിച്ചു. പുതിയ മെത്രാച്ചന് കിട്ടിയ നമ്മുടെ കേരളത്തിലെ പള്ളികളുടേയും അവിടുത്തെ അച്ചന്മാരുടേയും ഓരോ പള്ളികളിലേയും ജനങ്ങളുടേയും എല്ലാം കണക്ക് സേഖരിച്ചു കഴിഞ്ഞു.

ഈ മെത്രാച്ചൻ വഷങ്ങൾക്ക മുമ്പ് സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തെ വെള്ളം കുടിപ്പിച്ചിട്ട് പിടികൊടുക്കാതെ കഴിഞ്ഞിരുന്ന ഒരാൾ ഇപ്പോൾ ഇദ്ദേഹത്തിന്റെ ഭദ്രാസനത്തിൽ അച്ചനായിട്ടുണ്ടെന്നുള്ള കാര്യം ഇദ്ദേഹത്തിന് മനസ്സിലായി.

ഏകദേശം മുപ്പത്തിയെട്ടു വയസ്സുള്ള സുശീലച്ചൻ, അച്ചനായിട്ട് ഇപ്പോൾ പതിമൂന്ന വഷമായി. ഇതിനോടകം അദ്ദേഹം രണ്ടു പള്ളികളിൽ വികാരിയായിട്ട് സേവനം ചെയ്തിട്ട് ഇപ്പോൾസ്ഥലമാറ്റത്തിന്സമയമായികാത്തിരിക്കുകയാണ്.ഈ സമയത്താണ് പുതിയ മെത്രാച്ചൻ ഭദ്രാസന മെത്രാപ്പോലീത്താ ആയി സ്ഥാനമേറ്റത്. കൊച്ചച്ചനും ഭാര്യയും പന്ത്രണ്ടു വയസ്സുള്ള മകളും അമ്മായിയമ്മയും കൂടി ഒന്നിച്ചാണ് താമസം. അമ്മായിയപ്പൻ മരിച്ചു പോയതുകൊണ്ട്, അമ്മായിയമ്മയ്ക്ക് തുണയായി അവർ അവിടെ താമസിക്കുകയാണ്. അവിടെ നിന്നും സ്ക്കൂട്ടറിൽ പോയാൽ മുക്കാൽ മണിക്കൂർ യാത്ര ചെയ്താൽ എത്തുന്നിടത്താണ് അച്ചന്റെ ഇപ്പോഴത്തെ പള്ളി. വലിയ പ്രയാസങ്ങൾ ഒന്നും കൂടാതെ സന്തോഷമായി അച്ചൻ ജീവിക്കുകയാണ്. അച്ചന്റെ ഭാര്യ അതിസുന്ദരിയാണെന്നുള്ള കാര്യം നമ്മുടെ മെത്രാച്ചനും അറിവുള്ളതാണ്. ശാന്തമ്മയ്ക്ക് ഗൃഹഭരണമല്ലാതെ വേറെ ജോലിയൊന്നുമില്ല. എന്നാൽ അവക്കിപ്പോഴും നല്ല രുചിയായിട്ടുള്ള ഭക്ഷണമുണ്ടാക്കാൻ പഠിച്ചിട്ടില്ല. അമ്മായിയമ്മ നല്ല രുചിയുള്ള ഭക്ഷണമുണ്ടാക്കുന്നതുകൊണ്ട് പ്രശ്നമൊന്നും കൂടാതെ കഴിയുകയാണ്.

മെത്രാച്ചൻ ഭദ്രാസനത്തിലെ അച്ചന്മാരെ എല്ലാം വിളിച്ചുകൂട്ടി അവിടെ വെച്ച് സുശീലച്ചനെ കണ്ടപ്പോൾ തന്നെ അരികിൽ വിളിച്ച് കുശലമെല്ലാം അന്വേഷിച്ചു. അടുത്ത ഒരു ദിവസം സുശീലച്ചന്റെ ഭവനസന്ദശ്നകാര്യം വെളിപ്പെടുത്തി. മെത്രാച്ചൻ താമസിക്കുന്നിടത്തു നിന്ന് ഏകദേശം ഒരു മണിക്കൂർ കാർ ഓടിച്ചാൽ അച്ചന്റെ വീട്ടിലെത്തിച്ചേരാം.

മെത്രാച്ചനെ അച്ചൻ കാര്യമായി സൽക്കരിച്ചു. ഭക്ഷണവും ഭവ്യതയും എല്ലാം മെത്രാച്ചന് നല്ലവണ്ണം ഇഷ്ടപ്പെട്ടു. അച്ചൻ അച്ചന്റെ മകളെ അന്ന് സ്ക്കൂളിൽ വിടാതെ വീട്ടിലിരുത്തി. മകളെ കണ്ടാലും അമ്മയെപ്പോലെത്തന്നെ അതിസുന്ദരി. ഉദിച്ചുയന്ന നിലാവു പോലെ ആ കുട്ടി ശോഭിച്ചു. യഥാത്ഥത്തിൽ മെത്രാച്ചൻ അവിടെ പോയതു തന്നെ ശാന്തമ്മയെ കാണാനായിരുന്നു. ആൾക്കാർ പറഞ്ഞു കേട്ടതിനേക്കാൾ അതിസുന്ദരിയെന്ന് അദ്ദേഹത്തിന് മനസ്സിലായി. ഈ അച്ചനിട്ട് ഒന്ന് പണിയണമെന്ന് മനസ്സിൽ പദ്ധതിയുമിട്ടു.

ശുശീലച്ചൻ താമസിക്കുന്നതിന്റെ തൊട്ടടുത്തായി അവർ എല്ലാവരും പോകുന്ന ഇടവക പള്ളിയുണ്ട്. അവരുടെ വീട്ടിൽ നിന്ന് വെറും അഞ്ചു മിനിട്ട് നടന്നാൽ എത്താൻ ഉള്ള ദൂരം മാത്രം. പള്ളിയിലെ ആരാധന മുഴുവനും ആ വീട്ടിലിരുന്നാൽ കേൾക്കാം. ചില ദിവസങ്ങളിൽ അമ്മായിയമ്മ പള്ളിയിൽ പോകാതെയിരുന്നാൽ വീട്ടിലിരുന്ന് അത് കേട്ട് പള്ളിയിൽ പോയതുപോലെ ആക്കി തീക്കും.

മെത്രാച്ചൻ ഭവനസന്ദശ്നം കഴിഞ്ഞു പോയി അധികം താമസിക്കാതെ തന്നെ സുശീലച്ചന് സ്ഥലമാറ്റ കല്പന കിട്ടി. വീടിനടുത്തുള്ള അവരുടെ ഇടവക പള്ളിയിലേക്ക്. അച്ചനും കുടുംബത്തിനും വളരെ സന്തോഷം. ഇനിയും മഴയത്തും തണപ്പത്തും എല്ലാം ഇത്രയും ദൂരം സ്ക്കൂട്ടറും ഓടിച്ച് പോകേണ്ടതില്ല. പെട്രോളിന് ഇത്രയും വിയുള്ളപ്പോൾ ആ ചിലവ് ലാഭിച്ചു. ഇങ്ങിനെ പല വിധത്തിൽ അവർ സന്തോഷിച്ചു.

ഈ പള്ളിയിൽ എല്ലാം കൂടെ ആയിരത്തിഇരുന്നൂറു കുടുംബഗങ്ങൾ ഉള്ള വലിയ ഒരു ഇടവകയാണ്. ഇത്രയും വലിയ ഒരു വലിയ പള്ളിയുടെ വികാരിയാക്കി തന്നെ മെത്രാച്ചൻ ബഹുമാനിച്ചതിൽ സുശീലച്ചന് മെത്രാച്ചനോടുള്ള സ്നേഹം വദ്ധിച്ചു. എന്നാൽ പിന്നീടാണ് അതിന്റെ കുരുക്ക് സുശീലച്ചൻ മനസ്സിലാക്കിയത്.

നോമ്പു കാലമല്ലാത്ത സമയത്ത് എല്ലാ ദിവസവും അവിടെ കാലത്ത് വിശുദ്ധ കുബ്ബാന ഉണ്ട്. മിക്കവാറും പലരുടേയും അപ്പന്റേതോ അമ്മയുടേതോ അതുമല്ലങ്കിൽ വല്ല്യപ്പന്റേതോ വല്ല്യമ്മയുടേതോ അങ്ങിനെ ഏതെങ്കിലും തരത്തിൽ. അതും കഴിഞ്ഞ് വരും വഴി പല രോഗികളുള്ള ഭവനസന്ദശ്നമോ, ചിലപ്പോൾ ചില മരണമോ എന്നു വേണ്ട എല്ലാ ദിവസവും കാലത്തു മുതൽ വൈകുന്നേരം വെരെ തിരക്കാണ്. പഴയ പള്ളിയിൽ ഇത്രയും കുടുംബംഗങ്ങളില്ലാതിരുന്നതുകൊണ്ട് ഇത്രയും തിരക്കില്ലായിരുന്നു. എന്നാൽ ചില ദിവസങ്ങളിൽ സ്വല്പം നേരത്തെ വീട്ടിൽ എത്തിയാൽ അന്നേരം കാണും വീട്ടിൽ ആരെങ്കിലും പള്ളിക്കാർ. അവക്കെല്ലാം കൂടെ ഭക്ഷണം കൊടുക്കാതെ വിടാൻ പറ്റുമോ?

സഭയിലെ ഒരച്ചൻ വിശുദ്ധ കുബ്ബാന അപ്പിക്കണമെങ്കിൽ തലേ രാത്രി ഭാര്യാഭത്തൃ ബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിക്കണം. ഇത്രയും സുന്ദരിയായ ഒരു ഭാര്യയുള്ളപ്പോൾ നോമ്പു കാലത്തും ശനിയാഴ്ച ദിവസങ്ങളിൽ പോലും നമ്മുടെ സുശീലച്ചൻ വളരെ ബദ്ധപ്പാടോടാണ് കഴിഞ്ഞിരുന്നത്. ഇപ്പോൾ എങ്ങിനെയെങ്കിലും കാലത്ത് കാര്യങ്ങൾ എല്ലാം ശരിയാക്കി വീട്ടിൽ എത്തിയാൽ തന്നെ അമ്മായിയമ്മ മകളേയും കൂട്ടി അടുക്കളയിൽ. വൈകുന്നേരമായാൽ ''മമ്മീ'' എന്നു വിളിച്ച് മകൾ. ഇങ്ങിനെ ഏകദേശം ഒരു മാസമായപ്പോൾ വലിയ നോമ്പു തുടങ്ങി. സുശീലച്ചൻ ആകെ പ്രാന്തു പിടിച്ചപോലായി. അച്ചൻ ഇത്രയും ചെറപ്പമായതാണ് കാരണം. ആ പള്ളിയിൽ നിന്നും പിരിഞ്ഞു പോയ അച്ചന് എഴുപതിനു മേൽ പ്രായമുണ്ടായിരുന്നു. സുശീലച്ചൻ റിക്കാഡെടുത്ത് പരിശോധിച്ചപ്പോൾ, ആ പള്ളി ഉണ്ടാക്കിയ നൂറു വഷക്കാലം അവിടെ എഴുപതിനു മേൽ പ്രായം ചെന്ന അച്ചന്മാരെ മാത്രമേ വികാരിയാക്കിയിട്ടുള്ളു. മെത്രാച്ചൻ കാണിച്ചത് കൊലച്ചതിയാണെന്നപ്പോളാണ് മനസ്സിലായത്.

അച്ചൻ താമസിക്കുന്നിടത്തു നിന്നും ഏകദേശം അരമണിക്കൂർ ദൂരം സ്ക്കൂട്ടറിൽ പോയൽ എത്തുന്നിടത്ത് അച്ചന്റെ വീതം കിട്ടിയ പുരയിടത്തിൽ രണ്ടു ബഡ്റൂമും മറ്റും സൗകര്യമുള്ള ഒരു വീട് ഒഴിഞ്ഞു കിടപ്പുള്ളത് അച്ചൻ വൃത്തിയാക്കിച്ചു. സാധാരണ ദിവസങ്ങളിലെ കുബ്ബാന കഴിഞ്ഞാലുടനെ എല്ലാ ദിവസവും അച്ചൻ ശാന്തകൊച്ചമ്മയേയും കൂട്ടി ഒരു യാത്ര ചെയ്യും മടങ്ങി വരുമ്പോൾ ശാന്തമ്മ കുളിച്ചിരിക്കും. അക്കാര്യത്തിൽ മുസ്ലീമുകളുടെ സ്വഭാവമാണവക്ക്.